# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4099** **12-12-2018 - ൽ മറുപടിയ്ക്ക്**

### ഇൻസ്പെക്ടിംഗ് അസിസ്റ്റന്റുമാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്മാരിൽ നിന്ന് എത്ര പേർ താത്കാലിക പ്രമോഷൻ വഴി ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്; | (എ) 9 പേർ |
| (ബി) 2018-ലെ സ്പെഷ്യൽ റൂളിന്റെ നോട്ടിഫിക്കേഷൻ തീയതിയായ 26-09-2018-ന് മുമ്പുണ്ടായ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളിൽ പ്രസ്തുത ഇൻസ്പെക്ടിംഗ് അസിസ്റ്റന്റുമാർ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാതിരുന്ന കാലയളവിൽ ഇൻസ്പെക്ടർ തസ്തികയുടെ 1/3 ഭാഗം ഒഴിഞ്ഞ് കിടക്കുന്നത് വകുപ്പിലെ നിർവ്വഹണ പ്രവർത്തനങ്ങളെ ബാധിച്ചതിനാലും റവന്യൂ വരുമാനം കുറഞ്ഞതിനാലുമാണ് നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ അനുവദിച്ചത്. നേരിട്ടുള്ള നിയമനങ്ങൾക്ക് അർഹതയുള്ള ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ വരുന്ന മുറയ്ക്ക് താൽക്കാലിക പ്രൊമോഷൻ ലഭിച്ചവരെ റിവേർട്ട് ചെയ്യുന്നതായിരിക്കുമെന്ന് പ്രൊമോഷൻ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 27 ഇൻസ്പെക്ടർ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ